✍ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1075

# സൂറ – 35 / ഫാത്വിർ

## സൂക്തം: 25 – 28

ചെകുത്താന്റെ ദുർബോധനങ്ങളിൽ വഞ്ചിതരായി അസത്യത്തിന്റെയും അധർമത്തിന്റെയും പാതകളിലൂടെ സഞ്ചരിക്കുന്ന ജനങ്ങളെ സന്മാർഗത്തിലേക്ക് വീണ്ടെടുക്കുന്നതിനുവേണ്ടി കരുണാമയനായ അല്ലാഹു സ്വീകരിച്ച നടപടിയാണ് പ്രവാചക നിയോഗം. പൂർവ സമുദായങ്ങളിലെല്ലാം ഇത്തരം മുന്നറിയിപ്പുകാർ നിയുക്തരായിട്ടുണ്ട്. അത് അനേക ജനം സത്യമാർഗം കൈക്കൊള്ളാനും അസത്യമാർഗം കൈവെടിയാനും കാരണമായിട്ടുമുണ്ട്. ചില സമുദായങ്ങളിൽ മുന്നറിയിപ്പുകാരൻ അല്ലാഹു നേരിട്ട് നിയോഗിക്കുന്ന പ്രവാചകവര്യന്മാർ തന്നെയാണ്.

وَإِن يُكَذِّبُوكَ فَقَدْ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ جَآءَتْهُمْ رُسُلُهُم بِٱلْبَيِّنَٰتِ وَبِٱلزُّبُرِ وَبِٱلْكِتَٰبِ ٱلْمُنِيرِ ﴿٢٥﴾

ثُمَّ أَخَذْتُ ٱلَّذِينَ كَفَرُوا۟ ۖ فَكَيْفَ كَانَ نَكِيرِ ﴿٢٦﴾

25. ഈ ജനം നിന്നെ തള്ളിപ്പറയുന്നുവെങ്കിൽ, അവർക്കു മുമ്പുണ്ടായിരുന്ന പല സമുദായങ്ങളും പ്രവാചകന്മാരെ തള്ളിപ്പറഞ്ഞിട്ടുള്ളതാകുന്നു. സുവ്യക്തമായ തെളിവുകളും ദൈവിക ഏടുകളും വെളിച്ചം പകരുന്ന വേദങ്ങളുമായി ദൈവദൂതന്മാർ അവരിൽ ചെന്നു.

26. ഒടുവിൽ ആ ദൈവധിക്കാരികളെ നാം പിടികൂടുകയായിരുന്നു. എന്റെ ശിക്ഷ എത്ര കൊടൂരമായിരുന്നുവെന്നു നോക്കൂ!

### 25,26

وَإِن يُكَذِّبُوكَ= അവർ (ഈ ജനം) നിന്നെ തള്ളിപ്പറയുന്നുവെങ്കിൽ

فَقَدْ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ= അവർക്കു മുമ്പ് (ഉണ്ടായിരുന്ന പല സമുദായങ്ങളും പ്രവാചകന്മാരെ) തള്ളിപ്പറഞ്ഞിട്ടുള്ളതാകുന്നു

جَآءَتْهُمْ رُسُلُهُم= അവരുടെ ദൈവദൂതന്മാർ അവരിൽ ചെന്നു بِٱلْبَيِّنَٰتِ = സുവ്യക്തമായ തെളിവുകളുമായിട്ട്

وَبِٱلزُّبُرِ= ദൈവിക ഏടുകളുമായിട്ടും وَبِٱلْكِتَٰبِ ٱلْمُنِيرِ = പ്രകാശിക്കുന്ന (വെളിച്ചം പകരുന്ന) വേദങ്ങളുമായിട്ടും

ثُمَّ أَخَذْتُ= പിന്നെ ഞാൻ പിടിച്ചു (ഒടുവിൽ ഞാൻ പിടികൂടുകയായിരുന്നു)

ٱلَّذِينَ كَفَرُوا۟= നിഷേധിച്ചവരെ (ആ ദൈവധിക്കാരികളെ)

فَكَيْفَ كَانَ = എങ്ങനെയായിരുന്നു (വെന്നു നോക്കൂ) نَكِيرِ = എന്റെ അതിശക്തമായ പ്രതിഷേധം (ശിക്ഷ)

'പ്രവാചകൻ മുന്നറിയിപ്പുകാരൻ മാത്രമാകുന്നു' എന്ന മുൻ പ്രസ്താവനയെ വിശദീകരിക്കുകയാണ് ഈ സൂക്തങ്ങൾ. അല്ലാഹു പ്രവാചകനെ ഈ സത്യസന്ദേശവുമായി ജനങ്ങളിലേക്കയച്ചിട്ടുള്ളത് അവരെ സത്യധർമങ്ങൾ പാലിക്കുന്നതിന്റെ സൽഫലത്തെക്കുറിച്ച് സുവിശേഷവും സത്യധർമങ്ങൾ ലംഘിക്കുന്നതിന്റെ കെടുതിയെക്കുറിച്ച് താക്കീതും നൽകുന്നതിനു വേണ്ടിയാണ്. സത്യവും ധർമവും ജനങ്ങളിൽ പ്രബോധനം ചെയ്യുകയാണ് അദ്ദേഹത്തിന്റെ ദൗത്യം. ആളുകളെ ബലാൽക്കാരം സന്മാർഗത്തിലേക്ക് വലിച്ചുകൊണ്ടുവരിക അദ്ദേഹത്തിന്റെ ബാധ്യതയല്ല. പ്രവാചക സന്ദേശം സ്വീകരിച്ച് ആരെങ്കിലും സന്മാർഗം സ്വീകരിക്കുന്നുവെങ്കിൽ അവർക്കു നല്ലത്. സത്യസന്ദേശം തള്ളിക്കളഞ്ഞ് ദുർമാർഗം ആചരിക്കുന്നുവെങ്കിൽ അതവരുടെ ദൗർഭാഗ്യവും. അതിൽ പ്രവാചകന് ഉത്തരവാദിത്തമൊന്നുമില്ല.

ചെകുത്താന്റെ ദുർബോധനങ്ങളിൽ വഞ്ചിതരായി അസത്യത്തിന്റെയും അധർമത്തിന്റെയും പാതകളിലൂടെ സഞ്ചരിക്കുന്ന ജനങ്ങളെ സന്മാർഗത്തിലേക്ക് വീണ്ടെടുക്കുന്നതിനു വേണ്ടി കരുണാമയനായ അല്ലാഹു സ്വീകരിച്ച നടപടിയാണ് പ്രവാചക നിയോഗം. പൂർവ സമുദായങ്ങളിലെല്ലാം ഇത്തരം മുന്നറിയിപ്പുകാർ നിയുക്തരായിട്ടുണ്ട്. അത് അനേക ജനം സത്യമാർഗം കൈക്കൊള്ളാനും അസത്യമാർഗം കൈവെടിയാനും കാരണമായിട്ടുമുണ്ട്. ചില സമുദായങ്ങളിൽ മുന്നറിയിപ്പുകാരൻ അല്ലാഹു നേരിട്ട് നിയോഗിക്കുന്ന പ്രവാചക വര്യന്മാർ തന്നെയാണ്. നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ, മുഹമ്മദ് (സ) തുടങ്ങിയവർ അക്കൂട്ടത്തിൽ പെടുന്നു. ചില സമുദായങ്ങളിൽ പ്രവാചകന്മാർ നിയോഗിച്ചവരോ അവരുടെ ശിഷ്യന്മാർ നിയോഗിച്ചവരോ ആയിരിക്കും പ്രബോധകർ. അല്ലാഹു നേരിട്ടു നിയോഗിക്കുന്ന പ്രബോധകർക്ക് -പ്രവാചകന്മാർക്ക്- അവനിൽനിന്ന് വെളിപാടുകൾ ലഭിച്ചുകൊണ്ടിരിക്കും. ചിലർക്ക് വേദഗ്രന്ഥവും ലഭിക്കും. മൂസാ, ഈസാ, മുഹമ്മദ് പ്രവാചകന്മാർക്കെല്ലാം വെളിപാടുകളും വേദങ്ങളും ഉണ്ടായിരുന്നു. മൂസാ പ്രവാചകന്നും ഈസാ പ്രവാചകന്നും ഇടക്ക് വന്ന ഒട്ടേറെ പ്രവാചകന്മാർ പ്രത്യേക വേദവും ശരീഅത്തും ഇല്ലാത്തവരായിരുന്നു. മൂസാ (അ) പ്രബോധനം ചെയ്ത വേദവും ശരീഅത്തും തന്നെയാണ് അവരും പ്രബോധനം ചെയ്തത്. പൂർവ പ്രവാചകന്റെ മൗലിക സന്ദേശങ്ങളും അദ്ദേഹത്തിന് അവതീർണമായ വേദവും മാഞ്ഞുപോയ ശേഷം, അല്ലെങ്കിൽ പൂർവ ശരീഅത്തിൽ വലിയ മാറ്റങ്ങൾ വരുത്തേണ്ട സാഹചര്യത്തിൽ ആഗതരാകുന്ന പ്രവാചകൻ പുതിയ വേദവും ശരീഅത്തും കൊണ്ടുവരുന്നു. മുഹമ്മദ് നബി(സ) പ്രബോധനം ചെയ്ത മൗലിക സന്ദേശങ്ങളും വേദഗ്രന്ഥവും ഇന്നും തനതു രൂപത്തിൽ നിലനിൽക്കുന്നുണ്ട്. അതിനാൽ അദ്ദേഹത്തിനുശേഷം പ്രവാചക നിയോഗം ആവശ്യമില്ലാതായി. മുഹമ്മദീയ ദീൻ ജനങ്ങളെ പഠിപ്പിക്കുകയും അവരെ അതിന്റെ പ്രയോക്താക്കളാക്കുകയുമാണ് അദ്ദേഹത്തിനു ശേഷമുള്ള പ്രബോധകൻ - نَذِيرٌ- ചെയ്യേണ്ടത്. അതൊരു ഗൗരവതരമായ ഉത്തരവാദിത്തമായി മുഹമ്മദ് (സ) തന്റെ പിൻഗാമികളിൽ അർപ്പിച്ചിരിക്കുന്നു. അതിന് പുതിയ വെളിപാടോ വേദഗ്രന്ഥമോ ആവശ്യമില്ല. അവസാനത്തെ പ്രവാചകനാണ് മുഹമ്മദ് നബി(സ). എല്ലാ ജനതകളിലും പ്രവാചകന്മാർ ആഗതരായിട്ടുണ്ട് എന്ന കാര്യം നേരത്തേ 10:47, 16:36, 26:208 സൂക്തങ്ങളിലും പരാമർശിക്കപ്പെട്ടിരിക്കുന്നു. മുഹമ്മദ് നബി(സ)യുടെ ആഗമനത്തോടെ പ്രവാചകത്വ പരമ്പര സമാപിച്ച കാര്യം 33:40-ഉം പ്രസ്താവിച്ചിരിക്കുന്നു. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

ഈ ജനം പ്രവാചകനെ തള്ളിപ്പറയുന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല. പ്രവാചകന്റെ പ്രബോധനം നിഷ്ഫലമായല്ലോ എന്ന് നിരാശപ്പെടുകയും വേണ്ട. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആണ്ടുപോയ എല്ലാ സമൂഹങ്ങളും സ്വീകരിക്കാറുള്ള സാധാരണ സമീപനം തന്നെയാണത്. പൂർവ പ്രവാചകന്മാർ അവരുടെ സമുദായങ്ങളെ സമീപിച്ചത്, തങ്ങൾ പ്രവാചകന്മാരാണെന്നു സാക്ഷ്യപ്പെടുത്തുന്ന അനിഷേധ്യമായ തെളിവുകളോടു കൂടിയാണ്. بَيِّنَٰتِ-ൽ ബുദ്ധിപരമായ തെളിവുകളും അമാനുഷിക ദൃഷ്ടാന്തങ്ങളും ഉൾപ്പെടുന്നു. കർമ നിയമങ്ങളനുശാസിക്കുന്ന വേദ പുസ്തകങ്ങളും സദുപദേശങ്ങളും പ്രാർഥനാ കീർത്തനങ്ങളും ഉൾക്കൊള്ളുന്ന ഏടുകളും ഉണ്ടായിരുന്നു. بِٱلْبَيِّنَٰتِ وَبِٱلزُّبُرِ وَبِٱلْكِتَٰبِ ٱلْمُنِيرِ എന്നാണ് മൂലവാക്യം. زبور-ന്റെ ബഹുവചനമാണ് زبر. അൽ കിതാബും സബൂറും ഒന്നുതന്നെയാണ് -ആത്മീയ ഗ്രന്ഥം. ദാവൂദ് നബിക്ക് ലഭിച്ച വേദം زبور എന്നു വിളിക്കപ്പെടുന്നു. എങ്കിലും അൽ കിതാബും സബൂറും തമ്മിൽ സൂക്ഷ്മമായ ഒരു വ്യത്യാസമുണ്ട്. കർമ നിയമങ്ങൾ -ശരീഅത്ത്- അനുശാസിക്കുന്ന വേദഗ്രന്ഥമാണ് അൽകിതാബ്. സബൂറിൽ ശരീഅത്ത് നിയമങ്ങളുണ്ടാവണമെന്നില്ല. ആത്മീയോപദേശങ്ങളും പ്രാർഥനാ കീർത്തനങ്ങളുമാണ് അതിൽ മുഖ്യം. ദാവൂദി(അ)ന് ലഭിച്ച സബൂർ അത്തരത്തിലുള്ള ഒന്നായിരുന്നു. ഈ രണ്ടു തരം വേദങ്ങളെയും ഉൾക്കൊള്ളുന്നതാണ് بِٱلزُّبُرِ وَبِٱلْكِتَٰبِ എന്ന വാക്യം. ഇങ്ങനെ കർമജീവിതത്തിന് വെളിച്ചം പകരുന്ന ന്യായപ്രമാണങ്ങളും ആത്മീയോപദേശങ്ങളും പ്രാർഥനകളുമെല്ലാം നിരന്തരം പ്രബോധനം ചെയ്തിട്ടും പല ജനതകളും പ്രവാചകന്മാരെ അംഗീകരിക്കാനോ പിന്തുടരാനോ കൂട്ടാക്കിയില്ല. അങ്ങനെ ധർമധിക്കാരത്തിന്റെ പരമകാഷ്ഠയിലെത്തിയപ്പോൾ അല്ലാഹു അവരെ പിടികൂടി. എത്ര കൊടുരമായ ശിക്ഷയായിരുന്നു അവർ നേരിടേണ്ടിവന്നതെന്ന് ആലോചിച്ചുനോക്കുക. നിങ്ങളുടെ പരിസര ദേശങ്ങളിൽ തന്നെ അതിന് മികച്ച ഉദാഹരണങ്ങളുണ്ടല്ലോ. ആദ്, സമൂദ്, അഹ്ഖാഫ് തുടങ്ങിയ നശീകൃത ജനതകളെയാണ് സൂചിപ്പിക്കുന്നത്.

പ്രതിഷേധത്തിന്റെ (الأنكار)കാഠിന്യത്തെ സൂചിപ്പിക്കുന്ന പ്രയോഗമാണ് نَكِيرِ. ഇവിടെ نَكِيرِ കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ ശിക്ഷയാണ്. ●

---

أَلَمْ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجْنَا بِهِۦ ثَمَرَٰتٍ مُّخْتَلِفًا أَلْوَٰنُهَا ۚ وَمِنَ ٱلْجِبَالِ جُدَدٌۢ بِيضٌ وَحُمْرٌ مُّخْتَلِفٌ أَلْوَٰنُهَا وَغَرَابِيبُ سُودٌ ﴿٢٧﴾

27. നീ കണ്ടിട്ടില്ലയോ? അല്ലാഹു ആകാശത്തുനിന്ന് ജലമിറക്കി. എന്നിട്ട് നാം അതുകൊണ്ട് വർണവൈവിധ്യമാർന്ന ഫലങ്ങൾ ഉൽപാദിപ്പിച്ചിരിക്കുന്നു. പർവതങ്ങളിലും, വെളുത്തതും ചുവന്നതുമായി ബഹുവർണ ശിലാനിരകളുണ്ട്. കാക്കക്കറുപ്പുള്ള കല്ലുകളുമുണ്ട്.

وَمِنَ ٱلنَّاسِ وَٱلدَّوَآبِّ وَٱلْأَنْعَٰمِ مُخْتَلِفٌ أَلْوَٰنُهُۥ كَذَٰلِكَ ۗ إِنَّمَا يَخْشَى ٱللَّهَ مِنْ عِبَادِهِ ٱلْعُلَمَٰٓؤُا۟ ۗ إِنَّ ٱللَّهَ عَزِيزٌ غَفُورٌ ﴿٢٨﴾

28. മനുഷ്യരിലും ജന്തുക്കളിലും നാൽക്കാലികളിലുമെല്ലാം വ്യത്യസ്ത വർണങ്ങളുള്ളതുണ്ട്. ഇപ്രകാരമാകുന്നു പ്രകൃതിയിലെ വൈവിധ്യത്തിന്റെ അവസ്ഥ. ദൈവദാസന്മാരിൽ ജ്ഞാനികൾ മാത്രമേ അവനിൽ ഭയഭക്തിയുള്ളവരാകൂ. അല്ലാഹു അജയ്യനും ഏറെ പൊറുക്കുന്നവനുമാകുന്നു.

**27,28**

أَلَمْ تَرَ = നീ കണ്ടിട്ടില്ലയോ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً= അല്ലാഹു ആകാശത്തുനിന്ന് ജലമിറക്കി

فَأَخْرَجْنَا بِهِۦ = (ഉൽപാദിപ്പിച്ചു) അതുകൊണ്ട് നാം പുറപ്പെടുവിച്ചു ثَمَرَٰتٍ = പഴങ്ങൾ, ഫലങ്ങൾ

مُّخْتَلِفًا أَلْوَٰنُهَا = (വർണവൈവിധ്യമാർന്ന) അവയുടെ നിറങ്ങൾ വ്യത്യസ്തമായ നിലയിൽ

وَمِنَ ٱلْجِبَالِ= പർവതങ്ങളി(ലും ഉണ്ട്)ൽനിന്നും جُدَدٌۢ = വരകൾ, നിരകൾ بِيضٌ = വെളുത്തതും

وَحُمْرٌ = (ആയി) ചുവന്നതും مُّخْتَلِفٌ أَلْوَٰنُهَا = (ബഹുവർണ ശിലാനിരകൾ) അവയുടെ നിറങ്ങൾ വ്യത്യസ്തമായത്

وَغَرَابِيبُ سُودٌ = കാക്കക്കറുപ്പുള്ളതു(ള്ള കല്ലുകളു)മുണ്ട്

وَمِنَ ٱلنَّاسِ وَٱلدَّوَآبِّ وَٱلْأَنْعَٰمِ= മനുഷ്യരിലും ജന്തുക്കളിലും നാൽക്കാലികളിലും (എല്ലാം) ഉണ്ട്

مُخْتَلِفٌ أَلْوَٰنُهُۥ = (വ്യത്യസ്ത വർണങ്ങളുള്ളത്) അതിന്റെ നിറങ്ങൾ വ്യത്യസ്തമായത്

كَذَٰلِكَ = (പ്രകൃതിയിലെ വൈവിധ്യത്തിന്റെ അവസ്ഥ) ഇപ്രകാരമാകുന്നു

إِنَّمَا يَخْشَى ٱللَّهَ= (അവനിൽ ഭയഭക്തിയുള്ളവരാകൂ) അല്ലാഹുവിനെ ഭയപ്പെടൂ

مِنْ عِبَادِهِ = അവന്റെ (ദൈവ) ദാസന്മാരിൽനിന്ന് ٱلْعُلَمَٰٓؤُا۟ = ജ്ഞാനികൾ മാത്രം(മേ) إِنَّ ٱللَّهَ= തീർച്ചയായും അല്ലാഹു

عَزِيزٌ غَفُورٌ = (അജയ്യനും ഏറെ പൊറുക്കുന്നവനുമാകുന്നു) ഏറെ പൊറുക്കുന്നവനായ അജയ്യനാകുന്നു

ദൈവിക സന്ദേശത്തോട് ജനങ്ങൾ സ്വീകരണത്തിന്റെയും നിരാകരണത്തിന്റെയും വ്യത്യസ്ത സമീപനം സ്വീകരിക്കുന്നതിൽ പ്രവാചകൻ വിഷമിക്കേണ്ടതില്ല എന്നു പറഞ്ഞ ശേഷം അത് പ്രാപഞ്ചിക പ്രകൃതിയുടെ തന്നെ താൽപര്യമാണെന്നു സൂചിപ്പിക്കുകയാണ്: നിങ്ങൾ കണ്ടിട്ടില്ലേ; അല്ലാഹു മാനത്തുനിന്ന് മഴ പെയ്യിക്കുന്നു. ആ ജലം ഭൂമിയെ നനക്കുന്നു. അപ്പോൾ അതിൽ സസ്യലതാദികൾ മുളച്ചു വളരുന്നു. അവ ബഹുവർണങ്ങളുള്ള ഫലങ്ങൾ ഉൽപാദിപ്പിക്കുന്നു. മാനത്തുനിന്നിറക്കുന്നത് ഒരേ ജലം. അതു പതിക്കുന്നത് ഒരേ ഭൂമിയിൽ. പക്ഷേ, അതിന്റെ ഫലമായി മുളച്ചുപൊന്തുന്നത് പലവക സസ്യങ്ങൾ, അവ ഉൽപാദിപ്പിക്കുന്നത് പലതരം വർണങ്ങളുള്ള പഴങ്ങൾ. الوان -ന് വർണങ്ങൾ എന്നും വർഗങ്ങൾ എന്നും അർഥമുണ്ട്. വർഗങ്ങൾ എന്ന അർഥത്തിലെടുത്താൽ مُّخْتَلِفًا أَلْوَٰنُهَا വ്യത്യസ്ത പഴവർഗങ്ങൾ ആകുന്നു. പഴങ്ങൾ തമ്മിലുള്ള വ്യത്യാസം വർണത്തിൽ മാത്രമല്ലല്ലോ. രൂപത്തിലും രുചിയിലും പോഷക ഗുണത്തിലും എല്ലാമുണ്ട്. ഈ വ്യത്യാസങ്ങളെല്ലാം കാണപ്പെടുക വ്യത്യസ്ത പഴവർഗങ്ങളിലാണ്. അതിനാൽ കൂടുതൽ ഉചിതം വ്യത്യസ്ത ഫലവർഗങ്ങൾ എന്ന അർഥകൽപനയാണ്. ഇതേ ജലം ഇതേ ഭൂമിയുടെ ചില ഭാഗങ്ങളിൽ പതിക്കുമ്പോൾ മുളച്ചുപൊന്തുന്നത് വിഷച്ചെടികളും മുൾച്ചെടികളും മാത്രമായിരിക്കും. ഇക്കാര്യം 7:58-ൽ ഇങ്ങനെ ഉണർത്തിയിരിക്കുന്നു:

وَٱلْبَلَدُ ٱلطَّيِّبُ يَخْرُجُ نَبَاتُهُۥ بِإِذْنِ رَبِّهِۦ وَٱلَّذِى خَبُثَ لَا يَخْرُجُ إِلَّا نَكِدًا

''നല്ല ഭൂമി അതിന്റെ നാഥന്റെ ഹിതത്താൽ ഉത്തമഫലങ്ങൾ വിളയിക്കുന്നു. കെട്ടഭൂമിയോ മോശപ്പെട്ട ഫലങ്ങൾ മാത്രമേ വിളയിക്കൂ.''

ഇനി മലമ്പ്രദേശങ്ങൾ നോക്കുക, ചിലത് വെളുത്ത വെണ്ണക്കല്ല്. ചുവന്ന കല്ലുമുണ്ട്. അതു വ്യത്യസ്ത വർണങ്ങൾ അഥവാ ഇനങ്ങൾ. കാക്കക്കറുപ്പുള്ള കൃഷ്ണ ശിലകൾ വേറെയും. മൂലത്തിലെ, جُدَدٌ 'ജുദ്ദത്തി'ന്റെ ബഹുവചനമാണ്. വസ്തുവിന്റെ ബാഹ്യഭാഗത്ത് തെളിഞ്ഞു കാണപ്പെടുന്ന വരയും വരിയുമാണ് جدّة. കഴുതയുടെ പുറത്തുകാണപ്പെടുന്ന കറുത്ത വരയെ جدّة എന്നു പറയുന്നു. ചില മൃഗങ്ങളുടെ വയറിനെയും മുതുകിനെയും വേർതിരിക്കുന്നതും جدّة ആകുന്നു. ഇവിടെ جُدَدٌ بِيضٌ മലകളിലെ വെളുത്ത വെണ്ണക്കൽ നിരകളാവാം. മഞ്ഞു പുതച്ച മലനിരകളുമാവാം. ചുവന്ന പാറകളാണ് حُمْرٌ. കടുംകറുപ്പുള്ളതിനെ غِرْبِيبُ എന്നു പറയുന്നു. അതിന്റെ ബഹുവചനമാണ് غَرَابِيبُ. ഈ പദം غراب (കാക്ക)-ൽനിന്ന് നിഷ്പദിച്ചതാണെന്നു കരുതപ്പെടുന്നു. കറുകറുത്ത ശിലകളാണ് غَرَابِيبُ سُودٌ. سوداء ഉം 'കറുത്തത്' ആകുന്നു. ഇവിടെ مُّخْتَلِفًا أَلْوَٰنُهَا ഇപ്പറഞ്ഞവിധം വെളുപ്പും ചുവപ്പും കറുപ്പുമായി വ്യത്യസ്തമായ നിറങ്ങളുള്ളത് എന്ന അർഥത്തിലാവാം. ഈ പറഞ്ഞ വ്യത്യസ്ത വർണങ്ങളിലുള്ള ശിലകളിൽ തന്നെ വ്യത്യസ്ത ഇനങ്ങളുണ്ട് എന്ന അർഥത്തിലുമാവാം. അചേതന വസ്തുക്കളെപ്പോലും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് വൈവിധ്യമാർന്ന സ്വഭാവത്തിലും പ്രകൃതിയിലുമാണെന്നാണ് സൂചിപ്പിക്കുന്നത്.

ഇനി മനുഷ്യരെയും ഇതര ജീവികളെയും മനുഷ്യർ വളർത്തുന്ന നാൽക്കാലികളെയും നോക്കുക. അവയിലൊക്കെയുമുണ്ട് വിവിധ വർണങ്ങളും വർഗങ്ങളും. വെളുപ്പും ഗോതമ്പു നിറവും തവിട്ടു നിറവും കറുപ്പു നിറവുമുള്ള മനുഷ്യർ. ആര്യ-സെമിറ്റിക്, മംഗോൾ, ദ്രാവിഡ വർഗങ്ങൾ. ജന്തുജാലങ്ങളിലുള്ള വൈവിധ്യം എണ്ണമറ്റതാണ്. കരയിലും കടലിലും ജീവിക്കുന്നവർ. മാനത്തു പറക്കുന്ന പറവകൾ. കാലുകളില്ലാത്ത ഇഴജന്തുക്കൾ. നൂറുകണക്കിൽ കാലുകളുള്ളവ. രണ്ടു കാലിലും നാലു കാലിലും നടക്കുന്നവ. മനുഷ്യൻ വളർത്തുന്ന നാൽക്കാലികളിൽ പോലും വർണപരവും വർഗപരവുമായ വൈവിധ്യങ്ങൾ ഒട്ടേറെയുണ്ട്. ഇവിടെയും വർഗവൈവിധ്യത്തെക്കൂടി സൂചിപ്പിക്കുന്നതാണ് أَلْوَٰن. അതിലെ هُ എന്ന സർവനാമം സൂചിപ്പിക്കുന്നത് خلقഎന്ന അനുക്തമായ ആഖ്യയെയാണ് خلق مختلف الوانه -വർഗ, വർണ വ്യത്യാസമുള്ള സൃഷ്ടി- എന്നാണ് പൂർണരൂപം.

ഒരു വാചകം ഒറ്റവാക്കിലേക്ക് സംഗ്രഹിച്ചതാണ് كَذَٰلِكَ. 'ഇപ്രകാരമാണ് അല്ലാഹുവിന്റെ സൃഷ്ടികൾക്കിടയിലെ വർഗ,

വർണ വൈവിധ്യങ്ങളുടെ അവസ്ഥ' എന്നാണ് പൂർണ രൂപം. ദൈവിക സന്ദേശത്തോടുള്ള മനുഷ്യരുടെ സമീപനത്തിൽ കാണപ്പെടുന്ന വ്യത്യാസവും ഇപ്രകാരം തന്നെ എന്നും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. തുടർന്നുവരുന്ന إِنَّمَا يَخْشَى ٱللَّهَ എന്ന വാക്യത്തിലേക്കുള്ള പ്രവേശിക കൂടിയാണ് ഈ كَذَٰلِكَ. അതായത്, സൃഷ്ടികളിൽ കാണപ്പെടുന്ന വർഗ-വർണ-യോഗ്യതാ വൈവിധ്യങ്ങൾ മനസ്സിലാക്കുന്നവർ മാത്രമേ, അവരുടെയും പ്രപഞ്ചത്തിന്റെയും സ്രഷ്ടാവായ അല്ലാഹുവിൽ ഭയഭക്തിയുള്ളവരാകൂ.

നേരത്തേ 18-ാം സൂക്തത്തിൽ 'അഗോചരനായ വിധാതാവിനെ ഭയപ്പെടുന്നവരും നിഷ്ഠയോടെ നമസ്കരിക്കുന്നവരും മാത്രമേ നിന്റെ പ്രബോധനം പ്രയോജനപ്പെടുത്തുകയുള്ളൂ' എന്നു പറഞ്ഞതിന്റെ മറ്റൊരു ഭാഷ്യമാണിത്. ഇതനുസരിച്ച് ഇവിടെ സൂചിപ്പിക്കുന്ന വിദ്വാന്മാർ-അൽ ഉലമാഅ്- അല്ലാഹുവിനെയും അവന്റെ ശരീഅത്തിനെയും അറിയുന്നവരാണ്. ദീനീവിഷയത്തിലുള്ള പാണ്ഡിത്യത്തിന്റെ നിലവാരമനുസരിച്ചിരിക്കും അവരുടെ ദൈവഭക്തിയുടെ നിലവാരം. അല്ലാഹുവിന്റെ രക്ഷാശിക്ഷകളുമായി ബന്ധമില്ലാത്ത വിജ്ഞാനങ്ങൾ അതിന്റെ ഉടമകളെ ദൈവഭക്തിയോടടുപ്പിക്കുന്നില്ല.

എന്നാൽ ഇവിടെ 'ഉലമാഇ'നെ പരാമർശിക്കുന്നത് പ്രാപഞ്ചിക പ്രതിഭാസങ്ങളിലെ വൈവിധ്യങ്ങൾ ചൂണ്ടിക്കാണിച്ച് അതു കണ്ടിട്ടില്ലേ എന്നു ചോദിച്ചുകൊണ്ടാണ്. അതിനാൽ തുടർന്ന് പരാമർശിക്കുന്ന ഇൽമ് -അറിവ്- കൊണ്ടുദ്ദേശ്യം പ്രാപഞ്ചിക പ്രതിഭാസങ്ങൾക്കിടയിലുള്ള വർഗ-വർണ-യോഗ്യതാ വ്യത്യാസങ്ങളും അതോടൊപ്പം അവയെല്ലാം പരസ്പരപൂരകമായി വർത്തിക്കുന്നതും മനസ്സിലാക്കുകയാകുന്നു എന്നു കരുതുന്നതാണ് കൂടുതൽ യുക്തം. പ്രാപഞ്ചിക പ്രതിഭാസങ്ങളെയാണ് ഖുർആൻ ഉടനീളം ദൈവിക ദൃഷ്ടാന്തങ്ങളായി ചൂണ്ടിക്കാണിക്കുന്നത്. ആ ദൃഷ്ടാന്തങ്ങൾ കണ്ടറിയുന്നതിലൂടെയാണ് മനുഷ്യൻ അല്ലാഹുവിനെ കണ്ടെത്തുന്നതും അവന്റെ ഭക്തനാകുന്നതും. ദൃഷ്ടാന്തങ്ങൾ വായിക്കാൻ ഉന്നത വിദ്യാഭ്യാസമോ ഭൗതിക ശാസ്ത്രത്തിൽ വൈദഗ്ധ്യമോ അനിവാര്യമല്ല. അതൊക്കെ ഉണ്ടെങ്കിൽ കൂടുതൽ ആഴത്തിൽ വായിക്കാൻ കഴിയും. ഭൗതിക ശാസ്ത്രം അന്വേഷിക്കുന്നത് പ്രതിഭാസങ്ങളുടെ പ്രവർത്തന വ്യവസ്ഥയെയാണ്. ഈ വ്യവസ്ഥയുടെ ആദികാരണത്തെ- സ്രഷ്ടാവിനെ- അറിയുന്നില്ലെങ്കിൽ ഭൗതിക ശാസ്ത്രത്തിൽ എത്ര വലിയ പണ്ഡിതനും അടിസ്ഥാനപരമായി അജ്ഞനാണ്. പ്രാപഞ്ചിക പ്രതിഭാസങ്ങളിൽനിന്ന് ആദ്യം ആർജിക്കേണ്ടത് തങ്ങളുൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റെ ഉത്ഭവത്തെയും നിലനിൽപിനെയും സംബന്ധിച്ച അവബോധമാണ്. അക്ഷരജ്ഞാനമില്ലാത്തവർക്കുപോലും ദൃഷ്ടാന്ത ദർശനത്തിലൂടെ അതാർജിക്കാൻ കഴിയും. അവനവനിലുള്ള സദ്ബോധത്തിനു കോട്ടം വരുത്താതെ ഉൾക്കണ്ണ് തുറന്ന് ദർശിക്കുകയേ വേണ്ടൂ. ഈ അവബോധത്തിൽനിന്നാണ് ദൈവവിശ്വാസവും ദൈവഭക്തിയും ഉണ്ടാകുന്നത്. അക്ഷരജ്ഞാനം പോലും ഇല്ലാത്തവരും ഈ വിധത്തിൽ മഹാപണ്ഡിതന്മാരായിത്തീരുന്നു. അവരാണ് യഥാർഥ ജ്ഞാനികൾ. പ്രവാചക സന്ദേശങ്ങളിൽ വിശ്വസിക്കാനും ദൈവിക ശാസനകളനുസരിക്കാനും സന്നദ്ധരാകുന്നവരും അവർ തന്നെ. സ്രഷ്ടാവിനെ അറിയുകയോ അന്വേഷിക്കുകയോ ചെയ്യാതെ അതിഗംഭീരമായ ശാസ്ത്ര രഹസ്യങ്ങൾ കണ്ടെത്തുകയും സാങ്കേതിക വിദ്യകൾ ആവിഷ്കരിക്കുകയും ചെയ്യുന്ന മഹാവിദ്വാന്മാരുടെ പ്രവർത്തനങ്ങൾ തിര്യക്കുകളുടേതുപോലെ വയറു നിറക്കുന്നതിൽ, അഥവാ ഭൗതിക കാമനകൾ പൂർത്തീകരിക്കുന്നതിൽ മാത്രം കേന്ദ്രീകൃതമായ ചര്യകളാകുന്നു.

യഥാർഥ ജ്ഞാനത്തിന്റെ ഉറവിടം അല്ലാഹുവിനെ തിരിച്ചറിയൽ -مَعْرِفَةُ ٱللَّهِ- ആകുന്നു. അതില്ലാത്തവർക്ക് ലോകത്തെക്കുറിച്ചും സ്വന്തം ജീവിതത്തെക്കുറിച്ചും ശരിയായ കാഴ്ചപ്പാട് വിലക്കപ്പെടുന്നു. അല്ലാഹുവിനെ തിരിച്ചറിഞ്ഞവരിൽ അനിവാര്യമായും അവനോട് ഭയഭക്തിയുളവാകും. ഒരുവൻ അല്ലാഹുവിനെ ഭയപ്പെടുന്നില്ലെങ്കിൽ അതിനർഥം അവൻ അല്ലാഹുവിനെ അറിഞ്ഞിട്ടില്ല എന്നാണ്. അല്ലാഹുവിനെ അറിഞ്ഞു ഭയപ്പെടുന്നവന്റെ ശാസ്ത്രജ്ഞാനവും തത്ത്വജ്ഞാനവും കലയും സാഹിത്യവുമെല്ലാം ആ അറിവിനാലും ഭക്തിയാലും സ്വാധീനിക്കപ്പെടുന്നു. ആ പാണ്ഡിത്യത്തിന്റെയും പ്രതിഭയുടെയും ഉൽപന്നങ്ങൾ ലോകത്തിന് സമൃദ്ധിയും സമാധാനവും സമ്മാനിക്കുന്നതായിരിക്കും. മറിച്ച്, അല്ലാഹുവിനെ അറിയാത്തവരുടെ ശാസ്ത്രങ്ങളും കണ്ടുപിടിത്തങ്ങളും പൈശാചിക ലക്ഷ്യങ്ങളിലേക്കായിരിക്കും അവരെ നയിക്കുക. ഒടുവിൽ അത് ലോകത്തിനാകമാനം വിനാശകരമായിത്തീരുന്നു.

ഈമാൻ -സത്യവിശ്വാസം- അറിവിൽ അധിഷ്ഠിതമാകുന്നു എന്നാണ് ഈ സൂക്തം നൽകുന്ന മറ്റൊരു പാഠം. കേവലമായ അനുകരണം ശരിയായ ഈമാനാകുന്നില്ല. അല്ലാഹുവിനെ അറിഞ്ഞു വിശ്വസിക്കുമ്പോഴാണ് അവന്റെ ഭക്തനാവുക. അല്ലാഹുവിനെക്കുറിച്ചുള്ള അറിവ് - مَعْرِفَة- ജ്ഞാന ഖജനാവിന്റെ താക്കോലാണ്. ആ താക്കോലിലേക്കുള്ള മാർഗം പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളുടെ വായനയാണെങ്കിൽ ഇസ്‌ലാം ആവശ്യപ്പെടുന്ന ജ്ഞാനം ആത്മീയവും ഭൗതികവുമായ ശാസ്ത്രങ്ങളുടെയും കൂടി അറിവാണെന്നു മനസ്സിലാക്കാം. സമുദായങ്ങളുടെ അന്ധവിശ്വാസത്തിന്റെയും സത്യനിഷേധത്തിന്റെയും ധർമധിക്കാരത്തിന്റെയും വിഗ്രഹാരാധനയുടെയുമൊക്കെ അടിസ്ഥാന കാരണം സൂചിപ്പിച്ചുകൊണ്ട് ഖുർആൻ അവരെ قوم لا يعقلون - قوم لا يفقهون - قوم لا يعلمون - അറിവില്ലാത്ത ജനം, ഗ്രഹിക്കാത്ത ജനം, ബുദ്ധിപൂർവം മനസ്സിലാക്കാത്ത ജനം- എന്നിങ്ങനെ വിശേഷിപ്പിച്ചതു കാണാം. 'വിദ്യാഭ്യാസം ഓരോ മുസ്‌ലിമിന്റെയും നിർബന്ധ ബാധ്യതയാകുന്നു' എന്നു പ്രവാചകൻ പ്രസ്താവിച്ചതായുള്ള നിവേദനം സുപ്രസിദ്ധമാണല്ലോ.

ഇവിടെ അല്ലാഹുവിന്റെ عَزِيزٌ - غَفُورٌ എന്ന ഗുണങ്ങൾ അനുസ്മരിച്ചതിന്റെ സൂചന ഇതാണ്: ജനങ്ങൾ നിഷേധിക്കുന്നതുകൊണ്ടോ ധിക്കരിക്കുന്നതുകൊണ്ടോ അല്ലാഹുവിനു ഒരു ദോഷവും ഉണ്ടാകുന്നില്ല. ഒരു കാര്യത്തിലും ആരാലും പിന്തള്ളപ്പെടാനാവാത്തത്ര അജയ്യമാണ് അവന്റെ അധികാരവും കഴിവുകളും. എങ്കിലും അസത്യത്തിലും അധർമത്തിലും അകപ്പെട്ട് അവർ നശിക്കുന്നത് കരുണാമയനായ അവൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടാണ് അവരെ വീണ്ടെടുക്കാൻ പ്രവാചകന്മാരെ നിയോഗിച്ചത്. അജയ്യനായതോടൊപ്പം അവൻ ഏറെ മാപ്പരുളുന്നവനുമാണ്. തൗബ ചെയ്യുന്നവർക്ക് അവൻ മാപ്പുകൊടുക്കുകയും തുടർന്ന് നേർവഴിക്ക് നടക്കാൻ അവസരമൊരുക്കുകയും ചെയ്യുന്നു. ●